# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

## സംഗ്രഹം

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വൈദ്യുതി അപകടത്തിനിരയായി 80% പ്രാപ്തിക്കുറവ് സംഭവിച്ച അഞ്ചൽ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാനായ ശ്രീ. ബൈജു. ബി ക്ക് 2016 – ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും നിഷ്കർഷിക്കുന്ന സംരക്ഷണം ലഭ്യമാക്കിക്കൊണ്ടുള്ള ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോ : ഉ (എഫ്.റ്റി.ഡി) നം. 212/2021 (പി.എസ്.1/2942/2019) തീയതി, തിരുവനന്തപുരം 19/03/2021

---

സൂചനഃ- 1) 04.11.2020 തീയതി പ്രകാരം ശ്രീമതി. പ്രിജി. വി സമർപ്പിച്ച സങ്കട ഹർജി.

2) കൊല്ലം ജില്ലാ ഹോസ്പിറ്റൽ മെഡിക്കൽ ബോർഡിന്റെ സ്റ്റാന്റിംഗ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്

3) നമ്പർ ഇ.ബി 4 (a)/LM/13742/2020 തീയതി 01.01.2021 പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ന്റെ കുറിപ്പ്.

4) നമ്പർ. പി.എസ്.1/2942/2019 തീയതി 05.03.2021 പ്രകാരം ചീഫ് പേഴ്സണൽ ഓഫീസർ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ്. (അജണ്ട 26/3/2021).

## ഉത്തരവ്

2020 ജനുവരി മാസം 5 -)o തീയതി പുനലൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിലെ അഞ്ചൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുതി ലൈനിലെ തകരാർ പരിഹരിക്കുന്നതിനിടെ ടി സെക്ഷനിലെ ലൈൻമാനായിരുന്ന ശ്രീമാൻ ബൈജു. ബി ക്ക് വൈദ്യുതാഘാതംമൂലം ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ദീർഘനാളായി ചികിത്സയിൽ തുടരുന്ന അദ്ദേഹത്തിന് പരസഹായം കൂടാതെ ദൈനംദിന കർമ്മങ്ങൾ പോലും നിർവഹിക്കുവാൻ കഴിയാത്ത അവസ്ഥയായതിനാൽ ജോലിയിലിരിക്കെ ഏതെങ്കിലും തരത്തിൽ വൈകല്യം സംഭവിക്കുന്ന ജീവനക്കാർക്കായുള്ള 2016 – ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും അനുശാസിക്കുന്ന തൊഴിൽ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബൈജു. ബി യുടെ ഭാര്യയായ ശ്രീമതി പ്രിജി. വി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സൂചന 2 പ്രകാരം അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള സ്റ്റാന്റിംഗ് ഡിസെബിലിറ്റി അസസ്സ്മെന്റ് ബോർഡിന്റെ സാക്ഷ്യപത്ര പ്രകാരം ശ്രീ. ബൈജുവിന് 80% സ്ഥായിയായ പ്രാപ്തിക്കുറവ് സംഭവിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണത്തിന് പൂർണമായും ശയ്യാവലംബിയായ ശ്രീ. ബൈജു. ബി അർഹനാണെന്ന് പുനലൂർ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (HRM) സൂചന 3 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്റ്റ് 2016 സെക്ഷൻ 20 അനുച്ഛേദം 4 പ്രകാരം ഒരു ജീവനക്കാരന് വൈകല്യം സംഭവിച്ചശേഷം അയാൾ നേരത്തേ നിർവഹിച്ചുപോന്നിരുന്ന തസ്തികയിലെ ചുമതലകൾ നിർവഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ആ ജീവനക്കാരനെ മാറ്റി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

കൂടാതെ ഏതെങ്കിലും തസ്തികയിൽ ആ ജീവനക്കാരനെ ഉൾക്കൊള്ളിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ സൂപ്പർആനുവേഷൻ പ്രായം എത്തുന്നതു വരെയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ടിയാളെ അതിൽ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

മേൽ വിഷയം സൂചന 4 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 09.03.2021 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും ഇതിനെ തുടർന്ന്, അഞ്ചൽ ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് - 2 ആയ ശ്രീ. ബൈജു. ബി (1054496) യെ 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്റ്റ് സെക്ഷൻ 20 അനുച്ഛേദം 4 അനുസരിച്ച് അതേ സെക്ഷൻ ഓഫീസിൽ ലൈൻമാൻ ഗ്രേഡ് - 2 ന്റെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ആ തസ്തികയിൽ നിയമിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കൊള്ളുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്

1) ചീഫ് എഞ്ചിനീയർ (HRM).

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ്സ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

19/3/2021